


# "സുവിശേഷം അനുസരിക്കൽ"

## സുവിശേഷം

യോഹന്നാൻ 3:16

(റോമർ 1:16)

പ്രവൃത്തി 2:38




എഫെസ്യർ 2:8

എബ്രായർ 5:9

## സുവിശേഷം അനുസരിക്കൽ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

*ooo* *ooo* *ooo*

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 12** **December 1998** **No. 9**


## എഡിറേറാറിയൽ

ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും സമയമാണല്ലൊ ലൗകിക മനുഷ്യർക്ക് ഇപ്പോൾ. ഭൂരിഭാഗം പേരും ഈ ആഘോഷങ്ങളിൽ ആനന്ദ ഭരിതരായി പുറമെ കാണപ്പെടുന്നുണ്ട്. വൈകാരിക സംതൃപ്തി കണ്ടെത്തുവാൻ മനുഷ്യർ പല വഴികളിലും സഞ്ചരിക്കുന്നുണ്ട്. അവയിൽ ഒന്നു മാത്രമാണ് ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവ. ലോകം മുഴുവൻ ഈ ഒരു പ്രവണത ദൃശ്യമാണ്. ഓരോ പ്രദേശത്തും വിഭിന്നമായിട്ടാണ് നടത്തുന്നത്. ഒരു കൂട്ടം ആളുകൾ അതിനെ ആകർഷണീയമാക്കാൻ പലവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കും. ഡിസംബർ, ജനുവരി മാസം ലോകത്തിൽ എങ്ങുമുള്ള മനുഷ്യരിൽ താല്ക്കാലികമായ സന്തോഷം ഉണ്ടാക്കുവാൻ ഇവക്കു കഴിയുന്നു. നമ്മുടെ കാലയളവിൽ ജീവിതം എങ്ങനെ നയിക്കണമെന്ന് ദൈവം അരുളിച്ചെയ്തിട്ടുണ്ട്.

മാററത്തിനു വേണ്ടി ആഗ്രഹിക്കാത്തവർ വളരെ ചുരുക്കമായിരിക്കും. വീടു മാററം, ജോലി മാററം, സ്ഥലം മാററം എന്നീ കാര്യങ്ങളിൽ സന്തോഷിക്കുന്നവരുണ്ട്. അതേ സമയം അവർ വിചാരിച്ചതുപോലെ കാര്യങ്ങൾ നീങ്ങുന്നില്ലെങ്കിൽ വിഷമവും ഉണ്ടാകും. പുതിയ അനുഭവങ്ങളിൽ അവരുടെ മനസിനു കുളിർമ്മ അനുഭവപ്പെടുന്നു. ഭൗതികമായ മാററങ്ങളിൽ നിന്നുണ്ടാകുന്ന സന്തോഷം നീണ്ടു നില്ക്കുന്നതല്ല എന്നു നാം തിരിച്ചറിയണം. ഇതി

ന്റെയെല്ലാം പിന്നിൽ അത്യന്താപേക്ഷിതമായ ആത്മീയമായ അവസ്ഥാന്തരം എപ്രകാരമായിരിക്കണം എന്നു നാം മനസിലാക്കണം. ദൈവത്തിൽ നിന്നു അകന്നുപോയ മനുഷ്യന്റെ ജീവിതത്തിൽ നഷ്ടപ്പെടുന്നതിനു വേണ്ടിയാണ് അവർ ആഗ്രഹിക്കുന്നത്. പക്ഷെ ആർക്കും അതു സ്വന്ത കഴിവിനാൽ നേടിയെടുക്കാവുന്നതല്ല. മനോ നിരൂപണം ശരിയല്ലാത്തതാണ് കാരണം. ഈ ലോകത്തിൽ കാണപ്പെടുന്ന ഒന്നിനും മർത്യ മനസിനെ തൃപ്തിപ്പെടുത്താൻ കഴിയുകയില്ല. ഇതു വെറും താത്വികമായ പ്രസ്താവനയല്ല, യാഥാർത്ഥ്യമാണ്, സത്യമാണ്. മനുഷ്യരെ ആകർഷിക്കുന്നതിനു വേണ്ടി ഉണ്ടാക്കപ്പെട്ടിരിക്കുന്ന മതപരമായ പെരുന്നാളുകളും വിശേഷ ആഘോഷങ്ങളും എല്ലാം ആരുടേയും ജീവിതത്തിൽ സ്ഥിരമായ വ്യത്യാസം ഉണ്ടാകാത്തവയാണ്.

ക്രിസ്തുമസും പുതുവർഷവും ഏതു രീതിയിലാണ് ലോകം വിഭാവനം ചെയ്തിരിക്കുന്നത്? ലോക പ്രകാരമുള്ള സമ്മാനദാനം, പ്രത്യേക ഭക്ഷണ രീതി എന്നിവ മുഖ്യമായി എടുത്തിരിക്കുന്നു. പാപം ജീവിതത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നവർക്കു ഇതെല്ലാം കുമിളപോലെ പൊങ്ങി വരുന്ന ഒരനുഭൂതിമാത്രം. മാററം വരുത്തേണ്ടതു വിചാരത്തിൽ അഥവാ ചിന്തയിൽ ആണ്. പഴയ ചിന്തകൾ മാററുക; തീരുമാനങ്ങൾ പുതുക്കുക, സ്വഭാവത്തെ നവീകരിക്കുക. അതാണ് എല്ലാവർക്കും ഉണ്ടാകേണ്ടത്. നിങ്ങളും ഞാനും ആഘോഷിക്കേണ്ട ഉത്സവവും പെരുന്നാളും മനസിന്റെ പുതുക്കം ആകണം; ആനന്ദിക്കേണ്ടതു രൂപാന്തരപ്പെട്ട ജീവിതത്തിലായിരിക്കണം. അപ്പോൾ നമുക്കു സമാധാനവും സന്തോഷവും യാഥാർത്ഥ്യമായി തീരും. ഇതെങ്ങനെ സാധിക്കും എന്നു വിസ്മയിക്കേണ്ട. ദൈവം തന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നു. ശോഭനമായ ഭാവിയും നിത്യമായ സൗഭാഗ്യവും ദൈവത്തെ അനുസരിക്കുന്നവർക്കു ദാനമായി ലഭിക്കുന്നു.

★

# മാതൃകയാകൽ

## J. C. ചോട്ട്

ഞാനും നിങ്ങളും ഉദാഹരണങ്ങളാണ്. നാം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും നാം ഓരോരുത്തരും നമുക്കു ചുററുപാടും ഉള്ളവർക്കു മാതൃകയാണ്. അതു നല്ലതായാലും മോശമായാലും മാതൃക തന്നെയാണ്. എന്താണ് ഉദാഹരണം എന്നു പറഞ്ഞാൽ? അതു ഒരാളുടെ ജീവിതത്തിൻെറ രൂപരേഖയാണ്. മററുള്ളവർക്കു നമ്മുടെ ജീവിതം കാണുവാൻ കഴിയും. നമ്മുടെ സംസാരം കേൾക്കുവാനും നമ്മുടെ ബന്ധങ്ങൾ വീക്ഷിക്കുവാനും അപരനു കഴിയും. ആളുകളോടും വസ്തുക്കളോടും നമുക്കുള്ള പ്രതികരണവും മനോഭാവവും ജനങ്ങൾ ശ്രദ്ധിക്കും. അവർ കാണുകയും കേൾക്കുകയും ചെയ്യുന്നവയോടും അവ നല്ലതാകയാൽ നല്ലതും മോശമായാൽ മോശമായതുമായ അഭിപ്രായപ്രകടനം നടത്തും. നാം ചെയ്യുന്നതു ചിലതു മററുള്ളവർ അനുസരിക്കാൻ തക്ക സ്വാധീനമുള്ളതാണ്. നാം ഇങ്ങനെ ചിന്തിക്കുമ്പോഴാണ് നാം വരുത്തിതീർക്കുന്ന മാതൃകയുടെ പ്രാധാന്യം ബോധ്യമാകുന്നത്.

മററു പലർക്കും ഉപകാരപ്പെടുന്നവർ ആകണമെങ്കിൽ നാം അവർക്കു അനുകരിക്കത്തക്ക നല്ല മാതൃകയായി തീരണം. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ ചിലർ നന്മയും മററു ചിലർ തിന്മയും അനുകരിക്കുന്നവരാണ് എന്നു ഓർക്കണം. നമ്മുടെ ജീവിതം വിലയുള്ളതാക്കുവാൻ നാം മോശമായ കൂട്ടുകെട്ട് ഒഴിവാക്കണം. പക്ഷെ നമ്മുടെ ജീവിതത്തിനു നാം മാതൃകയാക്കേണ്ടതിന് ആരെയാണ് ഉദാഹരണത്തിനു അനുകരിക്കേണ്ടത്? തിരുവെഴുത്തുകൾ പരിശോധിച്ചാൽ, എനിക്കും നിങ്ങൾക്കും എല്ലാവർക്കും പിൻ പററുവാനുള്ള ഏററവും നല്ല മാതൃക യേശുവിൽ നമുക്കു കാണാം. അപ്പൊസ്തലനായിരുന്ന പൌലൊസ്

പറഞ്ഞു; ''അതിനായിട്ടല്ലൊ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽ ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു'' (1 പത്രൊസ് 2:21). ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു വന്നു ഭൂമിയിൽ നമ്മെപ്പോലെ ജീവിച്ചു, പരീക്ഷിക്കപ്പെട്ടു. എന്നാൽ അവൻ പാപം ഒന്നും ചെയ്തിട്ടില്ല. ക്രിസ്തുവിനെ പററി എബ്രായ ലേഖകൻ പറയുന്നതു: നമുക്കുള്ള മഹാ പുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ'' എന്നാണ് (എബ്രായർ 4:15). ക്രിസ്തു, ദൈവിക സ്വഭാവം, വിശുദ്ധി, നിസ്വാർത്ഥത, താഴ്മ, ക്ഷമ, എല്ലാവരോടും ഉള്ള സ്നേഹം എന്നു തുടങ്ങിയ അനേക സൽഗുണങ്ങളോടെ പിതാവിനെ സേവിച്ചു, ഏതു സാഹചര്യത്തിലും നമുക്കു പററിയ നല്ല മാതൃകയാണ് ക്രിസ്തു.

ക്രിസ്ത്യാനികളായി തീർന്നവർ എല്ലാവരും മററുള്ളവർക്കു നല്ല മാതൃകയായിരിക്കണം. നാം പറയുന്നതും ചെയ്യുന്നതും, നമ്മുടെ സ്വഭാവവും ആളുകൾ വീക്ഷിച്ചു കൊണ്ടിരിക്കും. പുറത്തുള്ളവർ ക്രിസ്ത്യാനിത്വത്തെ അളക്കുന്നതു അങ്ങനെയാണ്. ഒന്നുകിൽ നാം അവരെ ക്രിസ്ത്യാനികളാക്കും അല്ലെങ്കിൽ അവരെ ക്രിസ്ത്യാനിത്വത്തിൽ നിന്ന് അകററി നിർത്തും. നാം ക്രിസ്ത്യാനികളാണെന്നു ആളുകളോടു പറയാതെ തന്നെ നമ്മുടെ പ്രവൃത്തികളാൽ അവർ അതു മനസിലാക്കണം. നാം പ്രസംഗിക്കുന്നത് ജീവിതത്തിൽ വേണം. നാം അങ്ങനെ ചെയ്താൽ നമ്മുടെ ജീവിതം മററുള്ളവർക്കു സ്വാധീനമായി തീരും. നാം അതു വാസ്തവത്തിൽ പരിശീലിക്കുന്നുണ്ടോ എന്നതാണ് ചോദ്യം.

നമ്മെ കാര്യമായി വീക്ഷിക്കുന്ന ഒരു വലിയ സദസ്

നമുക്കു ചുററും ഉണ്ട് എന്ന കാര്യം നാം ഓർക്കണം. അതിൽ അപരിചിതർ ഉണ്ട്, പരിചയക്കാരുണ്ട്, സ്നേഹിതന്മാർ ഉണ്ട്, ബന്ധുക്കളുണ്ട്; സ്വന്ത മക്കളുമുണ്ട്. നമ്മെകുറിച്ച് അവരുടെ വിലയിരുത്തൽ എന്താണ്? നമ്മൾ ക്രിസ്ത്യാനികൾ എന്നു പറയുമ്പോൾ നാം സത്യസന്ധരും ആത്മാർത്ഥതയുള്ളവരും എന്ന് നമ്മെ കുറിച്ച് അവർ പറയുമോ? അതോ നാം കാപട്യമുള്ള, വ്യാജമായ, നാട്യമുള്ള പ്രഹസനക്കാരൻ എന്ന് അവർ പറയുമോ? ചില ക്രിസ്ത്യാനികൾ ആരാധന മുടക്കിക്കൊണ്ടിരിക്കുന്നു. ചിലർ തങ്ങളുടെ മക്കളെ ആരാധനക്കുകൊണ്ടു വരാതിരിക്കുന്നു. വേറെ ചിലർക്കു അവരുടെ കാര്യങ്ങൾക്കെല്ലാം പണം ഉണ്ട്; പക്ഷെ കർത്താവിനു നല്കുവാൻ പണമില്ല. ഇതെല്ലാം കണ്ടു പഠിക്കുന്ന നിങ്ങളുടെ മക്കൾ, നിങ്ങളുടെ ബന്ധുക്കൾ കർത്താവിനോടോ അവന്റെ കല്പനകളോടോ സ്നേഹം പുലർത്തുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അതിന്റെ കാരണം എന്താണ്? നിങ്ങൾ മോശമായ മാതൃകയാണ് കാണിച്ചുകൊടുക്കുന്നത്. ആകയാൽ നിങ്ങൾ അവരെ കർത്താവിനോടു അടുപ്പിക്കുന്നതിനു പകരം അകററുകയാണ് ചെയ്യുന്നത്. ആകയാൽ നിങ്ങൾ ചെയ്യുന്നതിനെ കുറിച്ച് ഗൗരവമായി ചിന്തിക്കുക. അധികം വൈകുന്നതിനു മുൻപ് മാററം വരുത്തുക.

യുവാവായിരുന്ന തിമൊഥെയോസിനെ പ്രബോധിപ്പിക്കുന്നതു വായിക്കുക. "ആരും നിന്റെ യൌവനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക'' (1 തിമൊഥെയോസ് 4:12). യുവത്വത്തിൽ തെററുകളിലേക്കു വഴുതി പോകുവാനുള്ള സാദ്ധ്യത കൂടുതലാണ്. ജീവിതത്തെ ക്രമപ്പെടുത്തി കുററരഹിതമായി സൂക്ഷിക്കയും മററുള്ളവരുടെ മദ്ധ്യേ നല്ല ഒരു വിശ്വാസി എന്ന മാതൃക അവൻ കാണിച്ചുകൊടുക്കയും വേണം. പ്രാരംഭ ക്രിസ്തീയ ജീവിതത്തിൽ അനുവർ

ത്തിക്കേണ്ടതും തുടർന്നു അങ്ങനെ നിലനില്ക്കേണ്ടതുമാണ്. അവൻ ദൈവ വേല ചെയ്യുന്നവനാണ്. അതുകൊണ്ട് പ്രസംഗം, ദൈവ വചനം കൈകാര്യം ചെയ്യൽ, സ്നേഹ പ്രകടനം, താഴ്മ, വിശ്വാസം, ജീവിത രീതി എന്നിവ ഗൗരവമായി എടുക്കണം. ഒരു യുവാവിലും ഒരു യുവതിയിലും ഈ ഗുണങ്ങൾ ദൃശ്യമാണെങ്കിൽ അവന്റെ, അവളുടെ സ്നേഹിതന്മാരും സ്വാധീനിക്കപ്പെടും എന്നു സംശയ രഹിതമായി പറയാം. ഇതു മററുള്ളവർ അനുകരിക്കുന്നതിനു പുറമെ ദൈവത്തിൽ നിന്നു സമൃദ്ധമായ അനുഗ്രഹവും ലഭിക്കാനിടയാകും. ക്രിസ്തീയ ജീവിതത്തെ പോലെ മററൊരു ജീവിതമില്ല.

ക്രിസ്തു ലോകത്തിന്റെ വെളിച്ചമാണെന്നു കർത്താവു പറഞ്ഞു (യോഹന്നാൻ 8:12). തന്റെ ശിഷ്യന്മാരും ലോകത്തിന്റെ വെളിച്ചമാണെന്നു അരുളിച്ചെയ്തു (മത്തായി 5:14). അതായത് അവർ ക്രിസ്തുവിന്റെ വെളിച്ചം പ്രതിഫലിപ്പിക്കണം. യേശുവിനേയും യേശുവിന്റെ മാതൃകയെയും അങ്ങനെ തന്നെ പിൻ പററിയാലേ അതിനു കഴിയൂ. ഒരു ക്രിസ്ത്യാനി മലമേൽ ശോഭിക്കുന്ന പട്ടണമായിരിക്കണം. വിളക്കിന്റെ പ്രകാശം എല്ലാവർക്കും കിട്ടേണ്ടതിനു തണ്ടിന്മേലത്രെ വെക്കുന്നത്. അതു പറയിൻ കീഴെ മറെച്ചു വെക്കാറില്ല. ഒരു ക്രിസ്ത്യാനി തന്റെ ജീവിതത്തിൽ ക്രിസ്തുവിനെയാണ് മററുള്ളവർക്കു കാണിച്ചു കൊടുക്കുന്നത്. പാപം ചെയ്യുന്നവരും മനോഭാവം ശരിയല്ലാത്തവരുമാണ് മറഞ്ഞിരിക്കുന്നത്. "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16).

★

# കർത്താവിൻെറ അത്താഴം

## ഗ്യാരി. സി. ഹാമ്ടൺ

### കർത്താവിൻെറ അത്താഴത്തെ കുറിച്ച് വ്യത്യസ്ഥ കാഴ്ച്ചപ്പാടുകൾ നിലവിലുണ്ട്.

ചിലർ ദ്രവ്യാന്തരീകരണത്തിൽ വിശ്വസിക്കുന്നുണ്ട്. കർത്താവിൻെറ അത്താഴം കഴിക്കുമ്പോൾ അപ്പവും വീഞ്ഞും വാസ്തവത്തിൽ ശരീരവും രക്തവും ആയി മാറും എന്നതാണ് അവരുടെ വിശ്വാസം. കത്തോലിക്കരുടെ വിശ്വാസം അനുസരിച്ച്, പുരോഹിതൻ അപ്പവും വീഞ്ഞും എടുത്ത് ക്രിസ്തുവിൻെറ വാക്കുകളായ "ഇതെൻെറ ശരീരവും.... ഇതെൻെറ രക്തവും ആകുന്നു എന്നു പറയുമ്പോൾ ക്രിസ്തുവിൻെറ ശക്തിയാൽ സാധാരണ അപ്പവും വീഞ്ഞും ശരീരവും രക്തവും ആയി മാറും എന്നതാണ് സിദ്ധാന്തം. ഇതു ദൈവത്തിൻെറ അരുളപ്പാടിൻ പ്രകാരമുള്ള ഒന്നല്ല. ബൈബിളിൽ അങ്ങനെ പരിണാമം സംഭവിക്കുമെന്നു പ്രസ്താവിച്ചിട്ടില്ല.

വേറൊരു കൂട്ടം ആളുകൾ കർത്തൃമേശ എടുക്കാത്തവരാണ്. കർത്താവ് ചെയ്തതുപോലെ അപ്പത്തിൽ നിന്നു ഭക്ഷിക്കുകയോ വീഞ്ഞിൽ നിന്നു കുടിക്കുകയോ ചെയ്താലും ഇല്ലെങ്കിലും ആ കൂദാശയിൽ പങ്കെടുക്കുന്നവർ പിതാവിൻെറ മഹത്വത്തിനായി ക്രിസ്തുവിൻെറ ശരീരത്തെയും രക്തത്തേയും ഓർമ്മിച്ചാൽ മതി എന്നാണ്, അനേകർക്കു വേണ്ടി നുറുക്കപ്പെടുന്ന ശരീരത്തെയും അനേകരുടെ പാപമോചനത്തിനായി ചിന്തപ്പെടുന്ന രക്തത്തെയും സ്മരിക്കണം എന്നേയുള്ളു. ഇതാണ് ഇവരുടെ വിശ്വാസ പ്രമാണം. ഇതു വേദപുസ്തകാനുസരണമല്ല.

മറ്റൊരു വിഭാഗം ആളുകൾ പറയുന്നത്: കർത്തൃമേശ എടുക്കുന്ന ദിവസമോ സമയമോ ഒന്നും പ്രധാനപ്പെട്ട

കാര്യമല്ല എപ്പോഠം വേണമെങ്കിലും എടുക്കാം എന്നതാണ് അവരുടെ നിഗമനം. കർത്തൃമേശ എപ്പോഠം എടുക്കണമെന്നോ, എങ്ങനെ എടുക്കണമെന്നോ കർത്താവു പറഞ്ഞിട്ടില്ല എന്നതാണ് അവരുടെ കണ്ടെത്തൽ. കർത്താവു സ്ഥാപിച്ചുകൊടുത്തത് വ്യാഴാഴ്ച്ചയും പുതിയ നിയമ ക്രിസ്ത്യാനികഠം ആചരിച്ചതു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലുമാണ്. അതുകൊണ്ടു ഏതു ദിവസമായാലും കുഴപ്പമില്ല എന്നതാണ് ബാപ്റ്റിസ്റ്റുകാരുടെ വിശ്വാസം. എന്നാൽ ഈ വിലയിരുത്തലും ബൈബിഠം ഉപദേശത്തിനു വിരുദ്ധമാണ് എന്ന് എല്ലാവരും മനസിലാക്കണം.

## കർത്തൃമേശ ഓർമ്മക്കായുള്ള ശുശ്രൂഷയാണ്

ലോകത്തുള്ള മനുഷ്യരെ ഓർമ്മിക്കേണ്ടതിനു സ്മാരകങ്ങഠം, ബിംബങ്ങഠം, കല്ലറക്കല്ലുകഠം എന്നിവ ഉണ്ടാക്കി വെക്കാറുണ്ട്. അവരോടുള്ള ആദരവ് സൂചിപ്പിക്കാൻ കൂടെയാണിതു ചെയ്യുന്നത്. യേശുക്രിസ്തു എങ്ങനെയാണ് ഇത് സ്ഥാപിച്ചത് എന്നു മനസിലാക്കുക. പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങഠംക്കു വേണ്ടി നല്കുന്ന എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു: ഈ പാനപാത്രം നിങ്ങഠംക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു (ലൂക്കൊസ് 22:19-20). ഇതു കർത്താവിൽ നിന്നു പ്രാപിച്ചതാണെന്നും നിങ്ങഠംക്കു ഏല്പിച്ചു തരുന്നതുമാണ് എന്ന് അപ്പൊസ്തലനായ പൌലൊസ് പറഞ്ഞിട്ടുണ്ട്. അപ്പം ഭക്ഷിക്കുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെ അവന്റെ ഓർമ്മക്കായി ചെയ്യാൻ പറഞ്ഞിരിക്കുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# വിശ്വാസ്യ വചനത്തെ മുറുകെ പിടിക്കൽ

## ക്ലെം തർമാൻ

''ജിതേന്ദ്രിയവും പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശ പ്രകാരമുള്ള വിശ്വാസ്യ വചനം മുറുകെ പിടിക്കുന്നവനും ആയിരിക്കണം'' (തീത്തൊസ് 1:9). ദൈവത്തിന്റെ വഴിയും നടത്തിപ്പും ഉപേക്ഷിച്ച് സ്വന്ത വഴികളിൽ ഊന്നി വിദൂരതയിൽ സഞ്ചരിക്കുന്ന പ്രവണതയാണ് എല്ലായ്പ്പോഴും മനുഷ്യരിൽ കാണുന്നത്. ഏദെൻ തോട്ടത്തിലെ ആദാമിന്റെ കുടുംബം മുതൽ ഇന്നത്തെ ആധുനിക കുടുംബങ്ങൾ വരെ ഇതു വാസ്തവമാണ്. മനുഷ്യരെ പ്രലോഭിപ്പിക്കുന്ന പാപമാണത്. ഭാരിച്ച നിയമാവലികൾ ഒന്നും അന്നു ആദാമിനും ഹവ്വക്കും ദൈവം നല്കിയിരുന്നില്ല. എങ്കിലും ദൈവത്തിന്റെ നടത്തിപ്പിനു വിപരീതമായി സ്വന്തം ഇഷ്ടം അനുസരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചു (ഉല്പത്തി 3). കയീനും ഹാബേലും ദൈവത്തിനു വഴിപാടു കൊണ്ടുവന്നു. കയീന്റെ പാപം നിമിത്തം അവന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചില്ല (ഉല്പത്തി 4:7). സ്വന്ത വഴിയിൽ സഞ്ചരിക്കാൻ തീരുമാനിച്ച കയീൻ തന്റെ സഹോദരനെ കൊന്നു ദൈവത്തിൽ നിന്നു അകന്നുപോയി (ഉല്പത്തി 4:8-മുതലുള്ള വാക്യങ്ങൾ). ഇസ്രായേൽ ദേശത്തെ ദൈവം ഒരു പ്രത്യേക ജനമായി തിരഞ്ഞെടുത്തു. അവർക്കു സീനായി പർവ്വതത്തിൽ വെച്ചു ന്യായപ്രമാണവും കൊടുത്തു. അവർ ഈ പ്രമാണം ആചരിക്കുവാൻ കടപ്പെട്ടവരും ആയിരുന്നു (പുറപ്പാട് 24:3). പക്ഷെ അധികം താമസിയാതെ അവർ ദൈവത്തോടു മത്സരിച്ചു മാനുഷിക ബുദ്ധിയെ പിൻപറ്റുവാൻ തുടങ്ങി.

ദൈവം തിരഞ്ഞെടുത്ത ജനത്തിൻെറ വേർ പിരിയൽ മനുഷ്യ വർഗ്ഗത്തിൻെറ മുഴുവൻ പരാജയത്തിനും നാശത്തിനും ഹേതുവായി തീർന്നു. ദൈവിക ജ്ഞാനത്തിൽ അവൻെറ വഴിയിൽ വിശ്വസ്തമായി ജീവിതം തുടരുവാൻ മനുഷ്യർക്കു പ്രയാസം നേരിടുന്നു. ദൈവത്തിൽ നിന്നകന്നു സ്വന്ത വഴി പിൻ പററിയ മനുഷ്യർക്കു അതിൻെറ ഫലമായി, പരാജയം, നഷ്ടം, നാശം എന്നിവയാണ് അനുഭവിക്കേണ്ടി വന്നത്. മനുഷ്യനു ഒരു വഴി ചൊവ്വായി തോന്നും. എന്നാൽ അതിൻെറ അന്തമോ മരണ വഴികൾ അത്രേ എന്നു ശലോമോൻ പറയുകയുണ്ടായി (സദൃശവാക്യങ്ങൾ 14:12). ക്രൂശിൻെറ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവ ശക്തിയാകുന്നു. ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ഞാൻ ദുർബ്ബലമാക്കുകയും ചെയ്യും എന്നു എഴുതിയിരിക്കുന്നുവല്ലൊ. ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിലെ താർക്കികൻ എവിടെ? ലോകത്തിൻെറ ജ്ഞാനം ദൈവം ഭോഷത്വം ആക്കിയില്ലയൊ? ദൈവത്തിൻെറ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിൻെറ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി (1 കൊരിന്ത്യർ 1:18-21). ശാസ്ത്രം, തത്വശാസ്ത്രം, മനശാസ്ത്രം തുടങ്ങിയ വിവിധ മേഖലകളിൽ തങ്ങളുടെ വിജ്ഞാനത്തെ മനുഷ്യർ ഉയർത്തി ശ്രേണിയിലെത്തി നില്ക്കുന്നു. പക്ഷെ ദൈവ വഴിയും, ദൈവത്തിൻെറ ജ്ഞാനവും ഉപേക്ഷിച്ചു പോകുന്ന മനുഷ്യർ എത്രത്തോളം അതു ശരിയായി ഉപയോഗിക്കും എന്നറിയുന്നില്ല. മതപരമായും മനുഷ്യർ ഇന്നു മാനുഷിക ബുദ്ധിയിൽ ആശ്രയിക്കുന്നവർ ധാരാളം ഉണ്ട്.

കർത്താവിൻെറ സഭയിൽ ലൗകികജ്ഞാനത്തിൻെറ, ആത്മാവിനാൽ ലോകപ്രകാരമുള്ള ആശയങ്ങൾ കുത്തി

ച്ചെലുത്തി ലോകത്തിനിരയായി വീണിരിക്കുന്ന പ്രതിഭാസം കണ്ടു തുടങ്ങിയിരിക്കുന്നു. ചില സ്ഥലങ്ങളിൽ വചനാധികാരമില്ലാത്ത പല കാര്യങ്ങളും നടക്കുന്നുണ്ട്. പ്രാദേശിക സ്വയം ഭരണത്തിന്റെ മറവിൽ ആണ് അവർ ഇതിനു തുനിയുന്നത്. പക്ഷെ യഥാർത്ഥ ആത്മീയതയും ദൈവ നീതിയും ആണ് അവർ അതു മൂലം ഇല്ലാതാക്കുന്നത്. വിട്ടു വീഴ്ച്ചയില്ലാത്ത സത്യ സുവിശേഷം പ്രസംഗിക്കാത്ത നാമധേയ വിഭാഗങ്ങൾ മനുഷ്യരെ ആകർഷിക്കേണ്ടതിനു എന്തും ചെയ്യും. അതേ തെററ് ചില സ്ഥലങ്ങളിലെ കർത്താവിന്റെ സഭയിൽ പടർന്നു പിടിച്ചിട്ടുണ്ട്. അവർ ദൈവത്തിൽ നിന്നും ദൈവ വഴിയിൽ നിന്നും ഇനിയും അകന്നു പോകാതിരിപ്പാൻ നാം എടുക്കേണ്ട തീരുമാനങ്ങളും ചെയ്യേണ്ട ചില കാര്യങ്ങളും ഉണ്ടെന്നു ഞാൻ ബലമായി വിശ്വസിക്കുന്നു. അതു ദൈവ മുൻപാകെ പ്രയോജനപ്രദമായിരിക്കും.

## സുവിശേഷ ശക്തി പ്രസംഗിക്കുക

ക്രിസ്തുവിലും അവന്റെ സുവിശേഷത്തിലും ഉള്ള കാഴ്ച്ചപ്പാട് അനേകം സഭകളിൽ കാണാത്തതിനെ ഞാൻ ഭയപ്പെടുന്നു. മനുഷ്യർ സമൂഹ ജീവിയാണെന്നും അവന്റെ സാമൂഹ്യാവശ്യങ്ങളെ നിറവേററുവാനുള്ള വെമ്പലിലാണ്; വ്യാപാരങ്ങളിലും, കുടുംബത്തിലും ജോലിയിലുമെല്ലാം പരസ്പരം സമ്പർക്കം പുലർത്തേണ്ടതായിട്ടുണ്ട്. ഇക്കാരണത്താൽ അധികം പേരും പൊതുവിലുള്ള സാമൂഹ്യാവശ്യങ്ങളെയാണ് പ്രസംഗിക്കുന്നത്. പക്ഷെ സത്യം എന്തെന്നാൽ സാമൂഹ്യമായ ഓരോരുത്തരുടേയും ആവശ്യങ്ങൾ തീർച്ചയായും നാം കണക്കിലെടുക്കണം. എന്നാൽ പരമ പ്രധാനമായ ആവശ്യം ആത്മീകമാണ്. നമ്മുടെ ഏററവും വലിയ പ്രശ്നം പാപമാണ്. ആ പ്രശ്ന പരിഹാരത്തിന് സുവിശേഷ പ്രസംഗം മാത്രമാണ് ഏക പ്രതിവിധി. സുവിശേഷത്തെ കുറിച്ച് എനിക്കു ലജ്ജയില്ല; അതു വിശ്വസിക്കുന്ന ഏവർക്കും രക്ഷക്കുള്ള ദൈവ ശ

ക്തിയല്ലോ (റോമർ 1:16). ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി തീർന്നു, അവൻെറ കൃപയോ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത് (റോമർ 3:23-24).

ദൈവം തങ്ങളോടു സംസാരിച്ചു എന്ന രീതിയിൽ ബൈബിളിനു വിരുദ്ധമായി സംസാരിക്കുന്ന നിരവധി ഉപദേഷ്ടാക്കന്മാർ ഉണ്ട്. അവർ അവരുടെ ജ്ഞാനത്തിൽ ആശ്രയിക്കുന്നവരാണ്. അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണ രസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്ത വണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും (2 തിമൊഥെയോസ് 4:3-4). സ്വന്തം ആത്മിയ പോരായ്മകളെ തിരിച്ചറിയാത്തവരാണ് കർത്താവിൽ നിന്നും അവൻെറ സഭയിൽ നിന്നും അകന്നുപോകുന്നത്. അതു നിമിത്തം അവർ എന്നേക്കും ദൈവത്തിൽ നിന്നും അകന്നു പോകുന്നു എന്നവർ മനസിലാക്കുന്നില്ല.

ബൈബിൾ എന്നത് വെറുമൊരു പുസ്തകമല്ല; അതു ദൈവ വചനമാണ് (1 തെസലൊനിക്യർ 2:13). അതു ദൈവ ശ്വാസീയമാണ് (2 തിമൊഥെയോസ് 3:16-17). ഒരു പുതിയ, നവീനോപദേശത്തിൻെറ ആവശ്യം നമുക്കില്ല നമുക്കുള്ള ബൈബിൾ വാങ്ങി വായിക്കുകയും മനസിലാക്കി വിശ്വസിക്കുകയും അതനുസരിക്കുകയും ചെയ്യുക. നിങ്ങൾ അതു വായിച്ചാൽ നിങ്ങൾക്കു ഗ്രഹിക്കാം (എഫെസ്യർ 3:4). ബൈബിൾ മനസിലാക്കാൻ പ്രയാസമെന്നു പറഞ്ഞു കേൾക്കുന്നതിൽ ഞാൻ വിസ്മയിക്കുകയാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

★

# യേശു സ്നാനം ഏററത് എന്തിന്?

**ജേസൺ റോബെർട്ട്സ്**

വേദപുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ള കല്പനകളിൽ ചിലതു ആളുകൾ അവഗണിക്കുകയോ, അതിനെ മാററുകയോ ചെയ്തിരിക്കയാണ്. അതിലൊന്നാണ് സ്നാനം. യേശുവിന്റെ സ്നാനത്തെ സംബന്ധിച്ച് ബൈബിൾ പറയുന്നതു ശ്രദ്ധിക്കുക. ''അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ ഗലീലയിൽ നിന്നു യോർദാൻകരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി; നിന്നാൽ സ്നാനം ഏല്ക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു. യേശു അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു. എന്നാറെ അവൻ അവനെ സമ്മതിച്ചു'' (മത്തായി 3:13-15). ഇങ്ങനെയായിരുന്നു യേശു സ്നാനം ഏററത്.

സ്നാനം പാപമോചനത്തിനു വേണ്ടിയുള്ളതാണ് എന്നു നമുക്കറിയാം. പക്ഷെ യേശു പാപം ഒന്നും ചെയ്തിട്ടില്ലല്ലോ. പിന്നെ അവൻ എന്തിനാണ് സ്നാനം ഏല്ക്കുവാൻ തയ്യാറായതു്? (പ്രവൃത്തി 2:38; 22:16). അവൻ പാപം ഒന്നും ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു (1 പത്രൊസ് 2:22). അവൻ നമ്മെപോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടു. എന്നാൽ യേശു പാപം കൂടാതെ ജീവിച്ചു ആവശ്യമില്ലാത്ത ഒരു കാര്യമാണോ മനുഷ്യപുത്രൻ ചെയ്തതു്? ഒരിക്കലുമല്ല. നിലവിലുള്ള നിയമം അനുസരിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. യേശു ഈ ലോകത്തിൽ വന്നതു പിതാവിന്റെ ഇ

ഷ്ടം നിറവേററുവാനാണ്. ദൈവത്തിനു പ്രസാദകരമായതു മാത്രം ചെയ്തുകൊണ്ട് ദൈവത്തിനു പുകഴ്ച്ച കൊടുക്കുകയായിരുന്നു അവൻെറ ലക്ഷ്യം. യേശു പറയുന്നത്: ''എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്, ഞാൻ എല്ലായ്പ്പോഴും അവനു പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടില്ല എന്നു പറഞ്ഞു. ലോകരക്ഷിതാവായി വന്ന യേശുക്രിസ്തുവിൻെറ പ്രവർത്തികൾ എല്ലാം ലോകത്തുള്ള മനുഷ്യർ വീക്ഷിക്കും. ജനങ്ങൾക്കു അനുകരിക്കേണ്ട മാതൃകയാണ് അവൻ ലോകത്തിനു കാണിച്ചു കൊടുത്തത്.

താൻ സ്നാനമേല്ക്കുന്നത് എന്തിനാണെന്നു ക്രിസ്തു വ്യക്തമാക്കുന്നുണ്ട്. നിന്നാൽ സ്നാനമേല്ക്കുവാൻ എനിക്കാവശ്യം എന്നു യോഹന്നാൻ അവനോടു പറഞ്ഞപ്പോൾ അതു വെളിപ്പെടുത്തി. ഇപ്പോൾ സമ്മതിക്ക ഇങ്ങനെ സകല നീതിയും നിവർത്തിക്കപ്പെടേണ്ടതാകുന്നു. നിറവേറേണ്ട പല കാര്യങ്ങൾ അവനിൽ ഉണ്ടായിരുന്നു. ദൈവ നീതിയുടെ പൂർത്തീകരണം നമുക്ക് അവനിൽ കാണാം. അവൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്നു തെററിദ്ധരിച്ച യെഹൂദന്മാരോട് പറഞ്ഞതു: ഞാൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു എന്നാണ് (മത്തായി 5:17). ഈ ഭൂമിയിൽ ജനിച്ചതു മുതൽ യേശുവിൻെറ മരണം വരെ എല്ലാ നീതിയും അവൻ നിറവേററി. മനുഷിക നീതിയും ദൈവ നീതിയും രണ്ടും രണ്ടാണ് എന്നു നാം ഓർക്കണം. ദൈവഹിതമാണ് ദൈവത്തിൻെറ നീതി. അതു എല്ലാവരും മനസിലാക്കിയാൽ കാര്യങ്ങൾ എളുപ്പമാണ്. ആത്മീയ വിവേചനം നടത്തുവാൻ ദൈവാത്മാവിൻെറ സഹായം ആവശ്യമാണ്.

നീതി എന്നു പറയുന്നത് ദൈവ സന്നിധിയിൽ അവനു ശരിയായിട്ടുള്ളതാണ്. നീതി ചെയ്യുന്നവൻ നീതിയാ

ൽ ജീവിക്കും എന്നു എഴുതിയിരിക്കുന്നു (1 യോഹന്നാൻ 3:7). അതു അനുസരണത്തെ സൂചിപ്പിക്കുന്നു. ദൈവത്തെ അനുസരിക്കാത്തവനു നീതി എന്ത് എന്ന് അറിയാൻ പററുന്നില്ല. മനുഷ്യരുടെ വിലയിരുത്തലുകൾ പോരായ്മയുള്ളതാകകൊണ്ട് മനുഷ്യർക്ക് ആർക്കും സ്വയമായി നീതിമാൻ ആകാൻ സാദ്ധ്യമല്ല. ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്ന നീതി ചെയ്യുമ്പോൾ അവൻ നീതിമാനമായി ദൈവം കണക്കിടുന്നു. കർത്താവായ യേശുവിനെ കുറിച്ച് പ്രവചിച്ച പ്രവാചകൻ പ്രവചിച്ചത് ''അവൻെറ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവൻെറ കയ്യാൽ സാധിക്കയും ചെയ്യും. അവൻ തൻെറ പ്രയത്നഫലം കണ്ടു തൃപ്തനാകും. നീതിമാനായ എൻെറ ദാസൻ തൻെറ പരിജ്ഞാനം കൊണ്ടു പലരേയും നീതീകരിക്കും. അവരുടെ അകൃത്യങ്ങൾ അവൻ വഹിക്കും (യെശയ്യാവ് 53:10-11). മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുന്ന ദൈവ നീതിയുടെ ശുശ്രൂഷയായിരുന്നു അവൻ ഏറെറടുത്തു നിർവ്വഹിച്ചത്.

തൻെറ തന്നെ മരണത്തെ മുന്നറിയിച്ചുകൊണ്ടു അപ്പൊസ്തലനായിരുന്ന പൌലൊസ് പറയുന്നതു കേൾക്കുക. ''ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എൻെറ നിര്യാണ കാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതി ആയ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും. എനിക്കു മാത്രമല്ല, അവൻെറ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ'' (2 തിമൊഥെയോസ് 4:7-8).

★

# GOOD NEWS

**WE ARE RUNNING A BIBLE CORRESPONDENCE COURSE IN THE BRAILLE - IN TAMIL AND ENGLISH LANGUAGES**

**READER'S KINDLY INTRODUCE THIS BRAILLE LESSONS TO YOUR BLIND FRIENDS AND ENCOURAGE THEM TO STUDY.**

## OUR ADDRESS

**DIRECTOR,**
**BRAILLE BIBLE CORRESPONDENCE COURSE**
**POST BOX NO : 2**
**ELLIS NAGAR, MADURAI - 625 010**
**S. INDIA**

★

# സത്യത്തിന്റെ വില

## ജോണി രാംസെ

സത്യം സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം എന്തെന്നു അറിയുന്നതിനു മുൻപ് സത്യം എന്താണെന്നു അറിയേണ്ടിയിരിക്കുന്നു. അനേകം ആളുകൾ വിചാരിച്ചിരിക്കുന്നത് ഉള്ളതു ഉള്ളതുപോലെ പറയുന്നതു മാത്രമാണു സത്യം എന്നാണ്. പക്ഷെ അതോടൊപ്പം തന്നെ ദൈവത്തിന്റെ വചനമമാണ് സത്യം എന്നു നാം തിരിച്ചറിയണം. ദൈവത്തിൽ നിന്നു വരുന്ന പ്രസ്താവനയായാലും കല്പനയായാലും അതു ശരിയായിരിക്കും. എന്നാൽ മനുഷ്യരിൽ നിന്നാണെങ്കിൽ അതു ഭോഷ്ക്ക് ആയിരിക്കാം. അല്ലെങ്കിൽ സത്യം ആയിരിക്കും. ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് ഈ ലോകത്തിൽ സത്യമായിട്ടുള്ളത്. അതു തെളിയിക്കപ്പെട്ടതും സ്ഥിരീകരിക്കപ്പെട്ടതുമാണ്. ദൈവഹിതം തന്റെ വചനങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. വേറൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യ സ്വഭാവത്തിൽ നിന്നു വ്യത്യസ്ഥമായ ഒരു സ്വഭാവമാണ് ദൈവത്തിൽ നാം ദർശിക്കുന്നത്. വിശ്വസനീയമായ ഒന്നാണ് സത്യം. അത് ആരും നിഷേധിക്കയില്ല എന്നെനിക്കറിയാം.

യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ എല്ലാം സത്യത്തിന്റെ വില ലോകത്തിനു ബോധ്യപ്പെടുത്തുന്നുണ്ട്. സത്യം അറിയാതിരുന്ന ദൈവ ജനമായിരുന്ന യെഹൂദന്മാരോട് യേശുക്രിസ്തു പറഞ്ഞു: സത്യം നിങ്ങൾ അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്ന് (യോഹന്നാൻ 8: 32). സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതിരിക്കുന്നവർക്കു അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ അസംഖ്യമാണ്. അപ്പൊസ്തലനായ പൌലൊസ് പറയുന്നതു: അ

ധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചു പോകുന്നവർക്കു സാത്താൻെറ വ്യാപാര ശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറ് വ്യാജത്തിൻെറ വ്യാപാര ശക്തി അയക്കുന്നു (2 തെസലൊനിക്യർ 2:9-12) എന്നത്രേ. ദൈവത്തിൻെറ വചനം ആണ് സത്യമെന്നും ആ സത്യം മനുഷ്യ ഹൃദയങ്ങളെ ശുദ്ധീകരിപ്പാൻ മതിയായതാണെന്നും കർത്താവ് വ്യക്തമാക്കിയിട്ടുണ്ട് (യോഹന്നാൻ 17: 17).

## സത്യം ഒരിക്കലും മരിക്കുന്നില്ല

എത്ര കാലം കഴിഞ്ഞാലും സത്യം ഒരിക്കലും ഇല്ലാതാകുന്നില്ല. എത്രനാൾ അടക്കി വെക്കാൻ ശ്രമിച്ചാലും അതു പുറത്തു വരും. നമുക്കു മുൻപ് സംഭവിച്ച പല കാര്യങ്ങളുടേയും നിജസ്ഥിതി ഇപ്പോൾ പുറത്തു വന്നുകൊണ്ടിരിക്കയാണല്ലോ. സത്യം എന്നും സത്യം തന്നെയാണ്. സത്യത്തെ അനീതികൊണ്ടു തടുക്കുന്നവർ ഉണ്ടാകാം. പക്ഷെ അധികം നാൾ അതു ചെയ്യാൻ സാദ്ധ്യമല്ല. ദൈവത്തിൻെറ യഥാർത്ഥ സത്യത്തെ ഇന്നത്തെ മതപരമായ ലോകം മറച്ചു വച്ചിരിക്കയാണ്. സത്യാന്വേഷണങ്ങൾ ബൈബിൾ സത്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. സത്യദാഹികളായ വിശ്വാസികൾ വർദ്ധിച്ചു വരിക തന്നെ ചെയ്യും. അതല്ലാതെ മറ്റൊരു രക്ഷയും മനുഷ്യർക്ക് ഇല്ല. സത്യം എത്ര മൗനമായി കണ്ടാലും തക്ക സമയത്ത് ശക്തിയോടെ പുറത്തു വരും. നമുക്ക് ഓരോരുത്തർക്കും നമ്മുടെ കാലയളവിൽ തന്നെ അനുഭവപ്പെടുന്നുണ്ട്. എ

ത്ര വലിയ നശീകരണ സംഭവങ്ങൾ നേരിട്ടാലും സത്യത്തെ നശിപ്പിക്കാൻ സാദ്ധ്യമല്ല. ദൈവ നിശ്ചയത്തെ മാററുവാൻ പററിയ ശക്തി മറെറാന്നില്ല. അമാനുഷികമായ ശക്തി അടങ്ങുന്നതാണ് ദൈവിക സത്യം. മനുഷ്യനിലെ ഭാഗങ്ങളെ ഓരോന്നായി വേർ പെടുത്തുന്ന ശക്തിയാണ് ദൈവ വചനത്തിലുള്ളത് (എബ്രായർ 4:12). ചിന്തകളെയും ജീവിതത്തെ തന്നേയും മാററുവാൻ കഴിയുന്ന സത്യത്തെ വില കുറച്ചു കാണാൻ ആർക്കു കഴിയും? ഒരു കെട്ടിടം നിലനില്ക്കണമെങ്കിൽ അടിസ്ഥാനം ഉറപ്പുള്ളതായിരിക്കണം എന്ന് നമുക്ക് അറിയാം. ജീവിതം ഉറപ്പുള്ളതാകണമെങ്കിൽ സത്യം ആ വ്യക്തിയിൽ ഉണ്ടാകണം.

സത്യത്തെ അവജ്ഞയോടെ കാണുന്നവരെയും സത്യത്തിനു വേണ്ടി മരിക്കാൻ തയ്യാറായവരേയും ബൈബിൾ ചൂണ്ടികാണിക്കുന്നുണ്ട്. സത്യത്തെ നിഷേധിക്കുന്നവരും സത്യത്തെ മുറുകെ പിടിക്കുന്നവരും ആയിട്ട് ഇവരെ തരം തിരിക്കാം. ദുഷ്ട രാജാവായിരുന്ന യെഹോയാക്കിം ദൈവ വചനത്തെ വെറുക്കുന്നവനും ദൈവത്തിന്റെ അരുളപ്പാടുകളെ നശിപ്പിക്കാൻ ശ്രമിച്ചതിനും നല്ലൊരു ഉദാഹരണമാണ് (യിരെമ്യാവ് 36). ധീരനായ പ്രവാചകനായിരുന്നു ഏലിയാവ്. എന്നാൽ സത്യ ദൈവ ഭക്തിക്കു വേണ്ടി ചെറുത്തു നിന്നതുകൊണ്ടു കുണ്ടറയിൽ അടയ്ക്കപ്പെട്ടു. സത്യം മണ്ണിനടിയിൽ കുഴിച്ചിട്ടാൽ പോലും ഉയിർക്കപ്പെടും. ദുഷ്ട മനുഷ്യർ ദൈവ പദ്ധതിയുടെ വിജയത്തിൽ അസൂയ പൂണ്ടു രക്ഷിതാവിനെ ക്രൂശിൽ തറെച്ചു കൊല്ലുവാൻ ഏല്പിച്ചുകൊടുത്തു (മർക്കൊസ് 15:10). സത്യത്തെ കൈക്കൊള്ളുവാൻ ഭൂരിഭാഗം പേർക്കും കഴിഞ്ഞില്ല. യേശു ആരായിരുന്നു എന്ന സത്യം അവന്റെ ഉയിർത്തെഴുന്നേല്പിലൂടെ വീണ്ടും തെളിയിച്ചു. നിരവധി പേർ വിശ്വസിക്കുവാനും ഇടയായി.

സാത്താന്റെ പ്രചരണം, വഞ്ചനയോടും കൗശലത്തോടും കൂടെ ആളുകളെ ആകർഷിക്കുന്നതാണ്. പക്ഷെ ദൈവ

ത്തോടു പോരാടുന്നതിൻെറ പരിണിത ഫലം എന്തെന്നു ആളുകൾ ചിന്തിക്കുന്നില്ല (2 ദിനവൃത്താന്തം 13:12). സത്യം അവകാശപ്പെടുന്ന ഒന്നാണ്. അതുകൊണ്ടു ബലഹീനരായ ആളുകൾ ഭോഷ്കിൽ അഭയം തേടുന്നു (യെശയ്യാവ് 28:15). മനസിനോടും ആത്മാവിനോടും പോരാടുന്ന അവസ്ഥയിൽ തന്നെയാണ് ഇന്നും മനുഷ്യർ. പക്ഷെ നമ്മെ നരകത്തിലേക്കു നയിക്കുന്ന വിശാലമായ വഴിയാണോ നാം തിരഞ്ഞെടുക്കേണ്ടത്? അതോ സത്യത്തിനും നീതിക്കും വേണ്ടി പോരാടുവാനുള്ള ധൈര്യം സംഭരിക്കുമോ? (മത്തായി 7:12; ആമോസ് 5:15). അതതിൻെറ യഥാർത്ഥ വില നാം മനസിലാക്കിയില്ലെങ്കിൽ സംഗതി കുഴപ്പമാകും. ശരിയായ പരിവർത്തനം സംഭവിക്കാത്തവർക്കു ലോകത്തെ അതിജീവിക്കാൻ പ്രയാസമാണ്: മനുഷ്യരുടെ മാനത്തേക്കാൾ സത്യത്തെ നാം പ്രിയപ്പെടുന്നുവെങ്കിൽ, നമുക്ക് ഇവിടെയും ജയിക്കാം ന്യായവിധി നാളിലും പരാജയം ഒഴിവാക്കാം. സത്യത്തിൻെറ സത്തയായ യേശുക്രിസ്തുവിൻെറ സൗജന്യ രക്ഷാ പദ്ധതിയെയും സത്യവഴിയെയും നാം സ്വീകരിച്ചില്ലെങ്കിൽ നമ്മിൽ സത്യം ഇല്ല എന്നർത്ഥം (യോഹന്നാൻ 14:6). രക്ഷിപ്പാൻ കഴിവുള്ള കർത്താവിൻെറ ഉപദേശമാകുന്ന സത്യത്തെ വിശ്വസിച്ച് മരണ പര്യന്തം അനുസരിച്ച് ജീവിക്കുക. നിത്യജീവൻ എന്ന പ്രതിഫലം സുനിശ്ചിതമാണ്.

സത്യത്തെ നാം വില്ക്കുകയല്ല, വാങ്ങുകയാണ് ചെയ്യേണ്ടത്. ഈ ലോകത്തുള്ള യാതൊന്നും സത്യത്തിൻെറ മുൻപിൽ ഒന്നുമല്ല. വിലയില്ലാത്ത വസ്തുക്കൾക്കായി മനുഷ്യർ വിലയുള്ള സത്യത്തെ ത്യജിക്കുകയാണ്.

★

# ഏലിയാ പ്രവാചകൻ

W. A. ഹോളെ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ഇന്ന് ചില മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും സത്യത്തിനു വിട്ടു വീഴ്ച്ച ചെയ്തു നാമധേയ വിഭാഗങ്ങൾക്കു കീഴ്പ്പെട്ടു മുട്ടു മടക്കുന്നതായി നാം കാണുന്നു. വിശ്വസിച്ചാലും ഇല്ലെങ്കിലും ചിലർ ആ വഴിക്കു പൊയ്ക്കൊണ്ടിരിക്കുന്നു എന്നു പറയാതെ വയ്യ. എല്ലാ കുഴപ്പങ്ങൾക്കും കാരണം ഏലിയാവാണെന്നു കുററപ്പെടുത്തുകയായിരുന്നു അഹങ്കാരിയായ ആഹാബ്. എന്നാൽ ഏലിയാവ് അതിനു മറുപടി അതേ രീതിയിൽ തന്നെ നല്കുന്നുണ്ട്. അതിനു അവൻ പറഞ്ഞതു: യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല, നീയും നിൻെറ പിതൃഗൃഹവും അത്രെ. നിങ്ങൾ യഹോവയുടെ കല്പനകളെ ഉപേക്ഷിക്കയും നീ ബാൽ വിഗ്രഹങ്ങളെ ചെന്നു സേവിക്കയും ചെയ്യുന്നതുകൊണ്ടു തന്നേ എന്നായിരുന്നു. ഒരു രാജാവിനോടായാലും സത്യം ധൈര്യത്തോടെ പറയുവാൻ അവൻ മടിച്ചില്ല.

പുതിയ നിയമ സഭയുടെ വചന സ്വഭാവത്തിനു മാററം വരുത്തുന്ന ആളുകൾ ഗൗരവമേറിയ അപകടമാണ് സഭക്കു വരുത്തി തീർക്കുന്നത്. അവർ കെട്ടിപ്പൊക്കുന്നത് മണലിന്മേൽ ആണ്. പ്രചാരത്തിനു വേണ്ടി എന്തും ചെയ്യാൻ ഒരുങ്ങുന്നവർ, സംഖ്യാവർദ്ധനവിനുവേണ്ടി സത്യത്തെ ബലി കഴിക്കുന്നവർ അതുകൊണ്ടുണ്ടാവുന്ന ഭവിഷ്യത്തിനെ തിരിച്ചറിയുന്നില്ല. ഉദാരമായ സമീപനങ്ങൾ എടുക്കുന്ന ഉപദേഷ്ടാക്കന്മാർ സത്യത്തിൻെറ ശക്തിയെ അവഗണിക്കയാണ് ചെയ്യുന്നത്. ഭൂരിപക്ഷത്തെ പാട്ടിലാക്കാനായി സത്യത്തിനു വിട്ടുവീഴ്ച്ച നടത്തുകയാണ് ചിലർ ചെയ്യുന്നത്. മനുഷ്യരെ പ്രീതിപ്പെടുത്തിയാൽ

ദൈവ പ്രസാദം അവർക്കു നഷ്ടമാകും എന്നോർക്കുക. യേശുക്രിസ്തു ഇവരെ കുറിച്ച് പറയുന്നത്: കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങി കളകയും ചെയ്യുന്നു എന്നത്രെ (മത്തായി 23:24). ഈ പ്രസ്താവനയുടെ അർത്ഥം എന്തെന്നാൽ സാരമായവയെ നിസ്സാരമായി തള്ളികളയുകയും നിസ്സാരമായവയെ സാരമായി കണക്കാക്കുകയും ചെയ്യുന്നു എന്നതാണ്. സത്യത്തെ മാററി നിർത്തി വിട്ടുവീഴ്ച്ച ചെയ്തു തീരുമാനം എടുക്കുന്നവരെ അകററി നിർത്തുവാൻ ബൈബിൾ പ്രബോധിപ്പിക്കുന്നു (റോമർ 6:17-18).

2. ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു ഏലിയാവ്. അവൻ ദേശത്ത് മഴ പെയ്യാതിരിക്കാൻ പ്രാർത്ഥിക്കുന്നുണ്ട്. വീണ്ടും മഴ പെയ്യുവാൻ പ്രാർത്ഥിക്കുന്നുണ്ട്. ദൈവം അവന്റെ പ്രാർത്ഥന കേൾക്കുകയും ചെയ്തു (യാക്കോബ് 5:16-17). അതുകൊണ്ടു നീതിമാന്റെ പ്രാർത്ഥനക്കു മറുപടി ലഭിക്കും എന്നു നമുക്കു ഉറപ്പിക്കാം. പ്രാർത്ഥന എല്ലാം ദൈവം കേൾക്കും എന്നു വിചാരിക്കരുത് (യാക്കോബ് 4:3). ദൈവ മക്കൾക്കു മാത്രമെ അവനെ പിതാവ് എന്നു സംബോധന ചെയ്യാൻ സാധിക്കു (യോഹന്നാൻ 8:44). ദൈവത്തിനും മക്കൾ ഉണ്ട്; പിശാചിനും മക്കൾ ഉണ്ട് (1 യോഹന്നാൻ 3:10).

കർമ്മേൽ പർവ്വതത്തിലുണ്ടായിരുന്ന ഏലിയാവിനെ ശ്രദ്ധിക്കുക. കടലിലേക്കു നോക്കുന്നതിനായി തന്റെ ദാസനെ അവൻ പർവ്വതത്തിന്റെ മുകളിലേക്കു അയച്ചു. ആ ദാസൻ ഏഴു പ്രാവശ്യം കയറിപോകുന്നുണ്ട്. അവസാനം അവൻ വന്നു പറഞ്ഞ വിവരം എന്തെന്നാൽ "ഇതാ ഒരു മനുഷ്യന്റെ കൈ പോലെ മേഘം പൊങ്ങുന്നതു ഞാൻ കാണുന്നു" എന്നാണ്. നമ്മുടെ പ്രാർത്ഥനക്കു പ്രകൃതിഭുതമായി മറുപടി തരും. ദൈവേഷ്ടമനുസരിച്ച് വേണം നാം പ്രാർത്ഥിക്കുവാൻ (1യോഹന്നാൻ 5:1;3:22).

നാം യാചിക്കുന്നതിനു മുൻപ് നാം ചെയ്യേണ്ട ഉത്തരവാദിത്വത്തെ കുറിച്ച് അറിഞ്ഞിരിക്കണം. ആഹാരത്തിനായി, ജോലിക്കായി, പാർപ്പിടത്തിനായി, നല്ല വിവാഹ ബന്ധത്തിനായി ഒക്കെ നാം പ്രാർത്ഥിക്കുന്നുണ്ട്. പക്ഷെ നാം അതിനായി പരിശ്രമിക്കയും വേണം (ലൂക്കൊസ് 5: 31-32). പ്രാർത്ഥന ശക്തവും മനോഹരവുമാണ്. ദൈവേഷ്ട പ്രകാരമായിരിക്കണം നാം പ്രാർത്ഥിക്കേണ്ടത്. മരിക്കാതിരിക്കാൻ ആരെങ്കിലും പ്രാർത്ഥിച്ചാൽ അതു സംഭവിക്കുന്ന കാര്യമല്ല (എബ്രായർ 9:27).

3. സത്യത്തെ വിട്ടുവീഴ്ച്ച ചെയ്യാതെ സൂക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു ഏലിയാവ്. ഏലിയാവ് പറയുന്നത് നോക്കുക: നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വെക്കും? യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ എന്നു പറഞ്ഞു (1 രാജാക്കന്മാർ 16:21). രണ്ടിനും മദ്ധ്യേ ആയിരിക്കാൻ പാടില്ല. രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും സാദ്ധ്യമല്ല എന്നു യേശുക്രിസ്തു പറഞ്ഞു (മത്തായി 6:24). ധാർമ്മികമായി ശരിയായതിൽ നിലനിന്ന ആളായിരുന്നു അവൻ. ക്രിസ്ത്യാനികളായി തീർന്ന ഓരോരുത്തരും ദൈവ ഹിതത്തിനു വിപരീതമായ ഒന്നിനും വഴങ്ങികൊടുക്കരുത്. രക്ഷക്കായാലും, ആരാധനക്കായാലും ക്രിസ്തീയ ജീവിതത്തിനായാലും ശരി.

4. ഏലിയാവ് ഒരു മനുഷ്യനായിരുന്നു; ചിലപ്പോൾ അവൻ നിരുത്സാഹപ്പെട്ടു നിരാശപ്പെട്ടിരുന്നു. മരിക്കാൻ എന്നെ അനുവദിക്കണേ എന്നു ഒരിക്കൽ പ്രാർത്ഥിക്കപോലും ചെയ്തിരുന്നു (1 രാജാക്കന്മാർ 19:4). അവൻ മാത്രമെ നീതിമാനായി ഉണ്ടായിരുന്നുള്ളു എന്നവൻ കരുതി.

★

കവിത

# നിരൂപണം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

ഹൃദയനിരൂപണം മാനുഷസ്വത്തുതാൻ
നംവിൽ ഉദിക്കുന്ന ഉത്തരംതന്നെയും
ദൈവം തരുന്നെന്നറിയുകസോദരാ
തൻവഴി നൽവഴി എന്നെന്നുതോന്നുമേ

ദൈവമോ തൂക്കുന്നു ആത്മാവിനെതന്നെ
അനർത്ഥനാളിലോ ദുഷ്ടനും കൂടവേ
ഈശൻവെറുക്കുന്നു ഗർവ്വപിശാചിനെ
ശിക്ഷലഭിക്കുമെന്നോർത്തു നടക്കുക

ദയാവിശ്വസ്തത എന്നൊരു വാക്കിനാൽ
ദുഷ്ടനെതല്ലുവാനൊക്കുമേ മാനസ്സേ
ദോഷം വിട്ടോടുവാൻ പററിയ മാർഗ്ഗമോ
കർത്തനിൽ ഭക്തിയും ബുദ്ധിയുംതന്നെയും

വാക്കിൻപെരുപ്പമോ പാപംജനിക്കുമേ
കൊല്ലുംകൊലകളും പൊട്ടിപ്പറക്കുമേ
കല്ലായമാനസം മാറുവാനൊന്നുണ്ട്
നാഥൻെറ വാക്കിനെ നന്നായറിയുക
പുസ്തക സത്യമോ നിത്യമറിയുക
പേർചൊല്ലുകിൽ ബൈബിൾട്രൂത്താകുമേ

★

# പഴയ നിയമത്തിന്റെ ഉദ്ദേശം

R. ഫ്രെഡറിക്

ബൈബിളിനെ പഴയ നിയമമെന്നും പുതിയ നിയമം എന്നും രണ്ടായി തരംതിരിച്ചിരിക്കയാണല്ലൊ. അതിലെ പഴയ നിയമത്തിന്റെ ആവശ്യകത ആർക്കായിരുന്നു എന്നും അതിന്റെ കാലയളവ് എത്രത്തോളം ആണെന്നും മനസിലാക്കേണ്ടതുണ്ട്. ഇസ്രായേൽ ദേശക്കാരായ യെഹൂദന്മാർക്കു മാത്രമായി നല്കിയ നിയമമായിരുന്നു പഴയ നിയമ ഭാഗം. എന്നാൽ യേശുക്രിസ്തു ക്രൂശിൽ മരിച്ചതോടെ അതിനു നീക്കം സംഭവിച്ചു. അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു (കൊലൊസ്യർ 2:14). ഗലാത്യർ 3:24-25; റോമർ 7:4-6 എന്നീ വേദവാക്യങ്ങൾ കൂടെ ഇതോടൊന്നിച്ച് വായിക്കേണ്ടതാണ്. അതിനു പകരമായി യേശുക്രിസ്തു പുതിയ നിയമം ലോകത്തിന് മുഴുവനായി നല്കി. എല്ലാ ദേശക്കാർക്കും ഉപകരിക്കത്തക്ക നിലയിലാണ് ഈ പുതിയ നിയമത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. ഒന്നാമത്തേതിന്റെ കുറവ് പരിഹരിക്കുവാൻ രണ്ടാമത്തേതു സ്ഥാപിച്ചു. വിശേഷതയേറിയ നിയമമാണ് ഇന്നു നമുക്കുള്ളത് എന്നത് തികച്ചും ചാരിതാർത്ഥ്യ ജനകമാണ് (എബ്രായർ 8:6-8).

പഴയ നിയമം നീങ്ങപ്പെട്ടതുകൊണ്ടു അതിനു ഇന്നു പ്രസക്തിയില്ലെങ്കിൽ പിന്നെ പുതിയ നിയമത്തിൽ എന്തിനാണ് പഴയ നിയമ ഉദ്ധരണികൾ? അപ്പൊസ്തലന്മാർ എന്തിനാണ് പഴയ നിയമ വേദഭാഗങ്ങൾ ഉപയോഗിച്ചത് എന്ന് ചോദിച്ചേക്കാം. പഴയ നിയമത്തിൽ ദൈവത്തെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പഴയ നിയമം നീങ്ങപ്പെട്ടതുകൊണ്ട് ദൈവത്തെ കുറിച്ച് മനസിലാക്കരുത് എന്നു

വരുന്നില്ലല്ലോ. അതു് നീങ്ങപ്പെട്ടതുകൊണ്ട് അത് വിശ്വസിക്കണ്ട എന്നു വരുന്നില്ല. പഴയ നിയമ വാക്യങ്ങൾ കൈകാര്യം ചെയ്യണ്ട എന്നും വരുന്നില്ല. ദൈവം നമ്മുടെ സൃഷ്ടി കർത്താവാണ് എന്നു പഴയ നിയമം വെളിപ്പെടുത്തുന്നു (മത്തായി 19:4-5). പഴയ നിയമത്തിൻേറയും പുതിയ നിയമത്തിൻെറയും നായകൻ ദൈവം തന്നെ എന്നു വ്യക്തമാക്കുന്നു (എബ്രായർ 8:6-9). ദൈവത്തിൻെറ സ്വഭാവത്തെ പഴയ നിയമം പഠിപ്പിക്കുന്നുണ്ട് (1 പത്രോസ് 3:10-12). പാപത്തിൻെറ ആരംഭത്തെയും പാപത്തിൻെറ ശക്തിയെയും അതു വെളിപ്പെടുത്തുന്നുണ്ട്. അതായത് അതു നമ്മെക്കുറിച്ചും വ്യക്തമാക്കുന്നു എന്നർത്ഥം (റോമർ 5:12; യോഹന്നാൻ 3:11-12). നാം എത്രത്തോളം പാപത്തിൽ വസിക്കുന്നുവെന്നു അതു ചൂണ്ടി കാണിക്കുന്നു (റോമർ 3:10;7;10).

ന്യായപ്രമാണം പൂർണ്ണമായി അനുസരിക്കാൻ ശ്രമിച്ചാലും നീതി നേടിയെടുക്കാൻ സാദ്ധ്യമല്ല എന്നു പഴയ നിയമം തെളിയിക്കുന്നു. മനുഷ്യരുടെ കഴിവ് ഈ കാര്യത്തിൽ അപര്യാപ്തമാണെന്നു ചുരുക്കം (റോമർ 7:22; 8:4). പഴയ നിയമത്തിൽ വളരെ അധികം ഭാഗങ്ങളിൽ ക്രിസ്തുവിനെ വിവരിച്ചു പറഞ്ഞിട്ടുണ്ട്. ക്രിസ്തു ജനിക്കുന്ന ദേശത്തിൻെറ ചരിത്രപരവും മതപരവുമായ പശ്ചാത്തലം അതു വ്യക്തമാക്കുന്നുണ്ട് (ലൂക്കൊസ് 2:23-24). യേശുവിൻെറ ജനനം മുതൽ മരണം വരെയുള്ള ജീവിത കാലയളവിൽ സംഭവിക്കാനിരിക്കുന്ന മുഖ്യ സംഭവങ്ങളെ മുന്നറിയിച്ച് പഴയ നിയമത്തിൽ പറഞ്ഞിട്ടുണ്ട് യെശയ്യാവ് 7:14; മത്തായി 1:23; മീഖാ 5:2; മത്തായി 2:6). യേശുവിൽ വിശ്വസിക്കാത്തവർക്കു തെളിവിനായി ഇതെല്ലാം ഇന്നും ഉപയോഗിക്കാം. ചരിത്രവും നമ്മെ വിശ്വസിപ്പിക്കുന്ന ഘടകമാണല്ലോ. അതുകൊണ്ട് ആധികാരികമായ പഴയ നിയമ എഴുത്തുകൾ ഉപകാരപ്രദം തന്നെയാണ്. അതിൽ ആർക്കും സംശയം വേണ്ട. പക്ഷെ പഴയ നിയമത്തിൻെറ ഉദ്ദേശത്തെ നാം ഗൗരവമായി ചിന്തിച്ച് മന

സിലാക്കണം. അനേകം പേർ അതിനെ തെററായി ധരിച്ച് ആചരിച്ചു വരുന്നുണ്ട് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല.

യെഹൂദന്മാരെ ക്രിസ്തുവിങ്കലേക്കു വഴി നടത്തുന്ന ഒരു മുന്നോടി പോലെ പ്രവർത്തിച്ചതാണ് ന്യായപ്രമാണം (ഗലാത്യർ 3:23-25). വിശ്വാസം വരുംമുമ്പ് നമ്മെ വെളിപ്പെടുവാനിരുന്ന വിശ്വാസത്തിനായികൊണ്ടു ന്യായപ്രമാണത്തിൻ കീഴ് അടെച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായ പ്രമാണം ക്രിസ്തുവിൻെറ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്ന ശേഷമോ നാം ഇനി ശിശു പാലകൻെറ കീഴിലല്ല (ഗലാത്യർ 3:24). പുതിയ നിയമ പ്രകാരം ക്രിസ്തുവിൽ വിശ്വസിച്ചവർ പഴയ നിയമത്തിൻ കീഴിലല്ല എന്നു പറഞ്ഞാൽ പഴയ നിയമ കല്പനകൾ നമ്മെ നിയമമായി ബാധിക്കുന്നില്ല എന്നർത്ഥം. പഴയ നിയമത്തേക്കാൾ മഹത്വമേറിയ നിയമത്തിൻ കീഴിലാണ് നാം ഇന്നു ജീവിക്കുന്നത്. പഴയ നിയമത്തിൽ പറഞ്ഞിട്ടുള്ള ഭാഗങ്ങൾ വായിക്കുമ്പോൾ നമ്മെ അതു ക്രിസ്തുവിലുള്ള വിശ്വാസം ജനിപ്പിക്കുന്നു. തിരുവെഴുത്തുകൾ എല്ലാം നമുക്കു ജ്ഞാനം പകരുന്നു എന്ന തത്വം സത്യമാണ്. അതു നമുക്കു നിശ്ചയദാർഢ്യം ജനിപ്പിക്കയും ചെയ്യും. പഴയ നിയമവും പുതിയ നിയമവും ദൈവ ശ്വാസീയമായ വചനം തന്നെയാണ് ഓരോന്നിൻെറയും ഉദ്ദേശത്തെ നാം വേർതിരിച്ച് മനസിലാക്കണം. എങ്കിൽ മാത്രമെ ദൈവം ആഗ്രഹിച്ച ഫലം നമുക്കു കിട്ടുകയുള്ളു. മനുഷ്യരെ ദൈവവുമായുള്ള ബന്ധത്തിൽ സൂക്ഷിക്കേണ്ടതിനു നല്കിയിട്ടുള്ളതാണ് രണ്ടു നിയമവും. എന്ത് എഴുതിയിരിക്കുന്നുവോ അതു നാം അങ്ങനെ തന്നെ സ്വീകരിക്കണം. അതിനപ്പുറമായി ചിന്തിക്കയോ ഭാവിക്കയോ ചെയ്യരുത് (1 കൊരിന്ത്യർ 4:6)

പഴയ നിയമത്തിൽ യെഹൂദന്മാരോടു ആചരിക്കുവാൻ പറഞ്ഞിരിക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇന്നു നാം അനുസരിക്കേണ്ട ആവശ്യമില്ല. കാരണം നമ്മെ ഇന്നു നിയമമായി ബാധിക്കുന്നതു പുതിയ നിയമമാണ്. അപ്പോൾ പഴയ നിയമം നാം വായിക്കേണ്ടേ എന്നു ചോദിച്ചേക്കാം. തീർച്ചയായും വായിക്കണം. അതു വായിക്കുമ്പോൾ അവർ നന്മ ചെയ്തപ്പോൾ അവർക്കു ലഭിച്ച അനുഗ്രഹങ്ങൾ നമുക്കു പ്രചോദനം തരും. . അവർ ദൈവത്തെ അനുസരിച്ച് ജീവിച്ചപ്പോൾ അവർക്കു ലഭിച്ച അനുഗ്രഹങ്ങൾ നമുക്കു ലഭിക്കുന്ന പാഠമാണ് (1 കൊരിന്ത്യർ 10:1-11). നമുക്ക് പഴയ നിയമ വേദഭാഗങ്ങൾ വായിക്കുമ്പോൾ കിട്ടുന്ന ഗുണപാഠങ്ങൾ പലതുണ്ട്. ആകയാൽ മുന്നെഴുത്തുകൾ എല്ലാം തന്നെ നമ്മുടെ ബുദ്ധിയുപദേശത്തിനായി നല്കപ്പെട്ടിരിക്കുന്നു. അതിനാൽ നമുക്ക് ആശ്വാസവും സ്ഥിരതയും ഉളവാകുന്നു (റോമർ 15:4). ഇന്നു പലരും പഴയ നിയമവും പുതിയ നിയമവും കൂട്ടിച്ചേർത്തു ആളുകളെ ആചരിപ്പിക്കുന്നുണ്ട്. അതു ദൈവേഷ്ടമല്ല. ഓരോ വിഭാഗത്തിൻെറ പ്രത്യേക താത്പര്യങ്ങൾ നിലനിർത്തുക എന്ന ലക്ഷ്യമാണ് അവർക്കുള്ളത്. പക്ഷെ നാം ദൈവം കല്പിച്ചിരിക്കുന്ന നിയമങ്ങളിൽ ദൈവേഷ്ടം എന്തെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. ആ ഒരു കടമ നാം ശരിയായി നിർവ്വഹിക്കണം. തിരുവെഴുത്തുകൾ പരിശോധിച്ച് വിശ്വസിച്ച് അനുസരിക്കണം. ഇന്നു നിലവിലുള്ള നിയമത്തിലെ കല്പനകൾ എല്ലാം എല്ലാ മനുഷ്യരും അനുസരിക്കണം. രക്ഷ ദൈവത്തിൻെറ ദാനമാണ്. അനുസരിക്കാത്തവർക്കായി ശിക്ഷയും വെളിപ്പെടുത്തിയിരിക്കുന്നു.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** -The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services** and **Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To